'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവൻരക്ഷാ ക്ലെയിം - പാലോട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവൈയോൺമെന്റിന്റെ കീഴിലുള്ള ജവഹർലാൽ നെഹ്റു ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്ത് വരവെ 28.08.2024 തീയതിയിൽ മരണപ്പെട്ട ശ്രീ.ഹരിപ്രസാദ്.എൻ-ന്റെ(സ്വാഭാവിക മരണം) ജീവൻരക്ഷാ ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.5271/2026/ധന** **തീയതി, തിരുവനന്തപുരം, 27/06/2026**

പരാമർശം :-
1. 23/11/2010 ലെ സ.ഉ.(പി) നം. 616/2010/ധന ഉത്തരവ്.
2. 22/02/2023 ലെ സ.ഉ (അച്ചടി) നം. 17/2023/ധന ഉത്തരവ്.
3. 18/11/2023 ലെ സ.ഉ (അച്ചടി ) നം. 112/2023 ധന ഉത്തരവ്.
4. ശ്രീമതി.ബിന്ദു. എൽ ധനകാര്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ.
5. ഇൻഷ്വറൻസ് ഡയറക്ടറുടെ 26/02/2026 തീയതിയിലെ ഇൻഷ്വ/ജീവൻരക്ഷ/എം.5/ഇ.812297 നമ്പർ കത്ത്.

**ഉത്തരവ്**

പാലോട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവൈയോൺ മെന്റിന്റെ കീഴിലുള്ള ജവഹർലാൽ നെഹ്റു ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്ത് വരവെ 28.08.2024 തീയതിയിൽ മരണപ്പെട്ട ശ്രീ.ഹരിപ്രസാദ്.എൻ-ന്റെ(സ്വാഭാവിക മരണം) ജീവൻരക്ഷാ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ടിയാളുടെ ഭാര്യ ശ്രീമതി. ബിന്ദു.എൽ ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഹരിപ്രസാദ്.എൻ-ന്റെ ജീവൻരക്ഷാ ക്ലെയിം പരിശോധിച്ചതിൽ നിന്നും ടിയാൾ 06/01/2012 ൽ സർവീസിൽ പ്രവേശിച്ചിരുന്നെങ്കിലും എസ്.എൽ.ഐ അംഗത്വം നേടിയിരുന്നില്ല എന്ന കാരണത്താൽ പ്രസ്തുത ക്ലെയിം നിരസിച്ചതായി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ടി സാഹചര്യത്തിൽ, ശ്രീമതി. ബിന്ദു.എൽ പരാമർശം (4) പ്രകാരം അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12(ഡി) പ്രകാരം അപേക്ഷകനെയും ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലെയിം അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ഹിയറിംഗ് വേളയിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും, SLI അംഗത്വം എടുക്കുന്നതിന് അപേക്ഷ നൽകിയിട്ടും ആയത് ലഭിക്കാതിരുന്നത് ഹരിപ്രസാദിന്റെ ഭാഗത്തെ തെറ്റായി കണക്കാക്കാൻ പറ്റാത്ത സാഹചര്യത്തിലും, ജീവൻ രക്ഷാ പദ്ധതി ഓരോ വർഷവും പുതുക്കുന്ന പദ്ധതിയായതിനാലും, 2024 വർഷത്തേക്കുള്ള ജീവൻരക്ഷാ പദ്ധതി പ്രകാരമുള്ള പ്രീമിയം തുക ടിയാൾ ഒടുക്കിയിട്ടുള്ളതിനാലും, മരണപ്പെടുമ്പോൾ ടിയാൾക്ക് 53 വയസ്സ് ആയിരുന്നതിനാലും 50 വയസ്സ് കഴിഞ്ഞവർക്ക് പുതുതായി SLI അംഗത്വം നേടാൻ കഴിയില്ല എന്നതിനാലും, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് സൂചന (3) പ്രകാരം സ്വാഭാവിക മരണത്തിനു ജീവൻരക്ഷ പദ്ധതിയുടെ വാഗ്ദത്ത തുകയായ 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ) ടിയാളുടെ അവകാശിയ്ക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ചെലവ് "8011- ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് 105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷാനവാസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
ശ്രീമതി. ബിന്ദു.എൽ, തിരുവോണം, കൃഷ്ണപുരം, ഊരൂട്ടമ്പലം പി.ഒ
തിരുവനന്തപുരം – 695507
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3424038/എസ്റ്റാ-ഡി3/7/2026/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ